കാലംസാക്ഷി

അബ്ദുർറഹ്മാൻ കൊടിയത്തൂർ

# റസൂലിന്റെ ചിരി

**മുഹമ്മദ്** നബിയെ പറ്റിയുള്ള നമ്മുടെ സങ്കൽപമെന്താണ്? ദൈവത്തെയും മരണാനന്തരജീവിതത്തെയും പറ്റി സംസാരിക്കുന്ന, ആളുകളോട് ഗൗരവത്തിൽ ഇടപെടുന്ന ഒരു വ്യക്തി-നാം പഠിപ്പിക്കപ്പെട്ടത് അദ്ദേഹത്തിന്റെ ഈ ഒരു വശത്തെ പ്പറ്റി മാത്രമാണല്ലോ.

എന്നാൽ അനുചരന്മാരോടും കുട്ടികളോടും കുടുംബത്തിലെ സ്ത്രീകളോടും തുറന്നമനസ്സോടെയും അതീവ സ്നേഹ വാത്സല്യത്തോടെയും പെരുമാറിയിരുന്ന, തമാശ പറഞ്ഞ് ചിരിച്ചിരുന്ന പ്രവാചകനെ എത്ര പേർക്കറിയാം.

കുട്ടികളെ ഏറെ ഇഷ്ടപ്പെട്ടിരുന്നു അദ്ദേഹം. ഏത് തിരക്കുപിടിച്ച നേരത്തും കുട്ടികൾ കടന്നുവന്നാൽ അവരോട് കിഞ്ചന വർത്തമാനങ്ങൾ പറയും. കൈക്കുഞ്ഞുങ്ങളെ വാരിയെടുത്ത് ലാളിക്കുകയും അവരുടെ ഭാഷയിൽ സംസാരിക്കുകയും ചെയ്യും. 'എല്ലാ കൊതുകിന്റെയും തലയിൽ പേനുണ്ടല്ലോ' എന്നർഥം വരുന്ന പ്രാസഭംഗിയുള്ള അറബിച്ചൊല്ല് ആംഗ്യവിക്ഷേപത്തോടെ പറയുമ്പോൾ കുഞ്ഞുങ്ങൾ ആർത്ത് ചിരിക്കും. അതു കണ്ട് ചിരിക്കുന്ന പ്രവാചകനെ ഒന്നോർത്തു നോക്കൂ. കൊച്ചു കുഞ്ഞുങ്ങളെ ഉമ്മ വെച്ചുകൊണ്ട് പറയും, "ഇവർ അല്ലാഹുവിന്റെ തോട്ടത്തിലെ പൂക്കളാണ്."

കുട്ടികൾക്ക് പേരിടാനും മധുരം നൽകാനുമായി നബിയുടെ അടുത്ത് വരാറുണ്ട് അനുചരന്മാർ. സായാഹ്നങ്ങളിൽ കുട്ടികളെ വരിയായിനിർത്തി ഓട്ടമത്സരം നടത്തുമായിരുന്നു. തന്നെ വന്ന് തൊടാനായിരിക്കും നിർദേശം. കുട്ടികൾ ഓടി നബിയുടെ ശരീരത്തിൽ വന്നു വീഴും. അവർ ആർത്ത് ചിരിക്കും. അവരോടൊപ്പം നബിയും ചിരിക്കും.

ഓമനപ്പേരിലായിരുന്നു കുട്ടികളെ വിളിക്കുക. സ്വന്തം വീട്ടിൽ വളർന്നിരുന്ന അനസിനെ പലപ്പോഴും 'ഇരട്ടച്ചെവിയാ' എന്നു വിളിക്കും. കുട്ടികളെ മാത്രമല്ല വലിയവരെയും അവർക്കിഷ്ടപ്പെട്ട പേരാണ് വിളിക്കുക. അബൂഹുറയ്റയെ 'അബാഹുർ' എന്നും ആഇശയെ 'ആഇശ്' എന്നും വിളിച്ചിരുന്നു.

* * * * * *

അനസിന്റെ സഹോദരൻ അബൂ ഉമൈറിന്റെ വളർത്തു കിളി ചത്തുപോയി.അതറിഞ്ഞ് അവനെ ആശ്വസിപ്പിക്കാനായി നബി(സ) പറഞ്ഞു: "എന്തു പറ്റിയെടാ നിന്റെ കുഞ്ഞിന്? സാരല്ലട്ടോ."

* * * * * *

ഒരിക്കൽ അബ്ദുല്ലാഹിബ്നു ബശീറിന്റെ കൈവശം ഉമ്മ കുറച്ച് മുന്തിരി കൊടുത്തയച്ചു. വഴിയിൽ വെച്ച് ഓരോന്നായി തിന്ന് അത് തീർന്നുപോയി. അവൻ സംഗതി മറച്ചുവെച്ചെങ്കിലും നബി ഇക്കാര്യം അറിഞ്ഞപ്പോൾ അവന്റെ ചെവിക്കു പിടിച്ച് ചോദിച്ചു: "എടാ കള്ളാ, മുന്തിരിയെവിടെ?"

യാത്ര കഴിഞ്ഞു തിരിച്ചുവരുമ്പോൾ വഴിയിൽ നോക്കിനിൽക്കുന്ന കുട്ടികളെ കുതിരപ്പുറത്ത് കയറ്റി വീട്ടിൽ കൊണ്ടുവരും. അവർക്ക് പഴങ്ങളോ പലഹാരങ്ങളോ കൊടുത്തായിരിക്കും തിരിച്ചയക്കുക.

* * * * * *

ഭാര്യമാരോടും കുടുംബത്തിലെ മറ്റുള്ളവരോടുമുള്ള പെരുമാറ്റത്തെപ്പറ്റി ചോദിച്ചപ്പോൾ ആഇശയുടെ മറുപടി: "ഒരു സാധാരണ മനുഷ്യൻ. സ്വന്തം കാര്യങ്ങൾ മറ്റുള്ളവർ ചെയ്തുകൊടുക്കുന്നത് സമ്മതിക്കില്ല. കീറിയ വസ്ത്രങ്ങളും കേടായ ചെരുപ്പും സ്വയം നന്നാക്കും. ആടുകൾക്ക് തീറ്റയും വെള്ളവും കൊടുക്കും. ആടുകളെ കറക്കും. അടുക്കളയിൽ സഹായിക്കും. ജോലിക്കാരോടൊപ്പം ജോലി ചെയ്യും. കടയിൽ പോയി സാധനങ്ങൾ വാങ്ങി സ്വയം ചുമന്നുകൊണ്ടുവരും. ഒരു സാധാരണ കുടുംബനാഥൻ.'

* * * * * *

പള്ളിയോട് ചേർന്ന ഓരോ മുറിയിലായിരുന്നു ഭാര്യമാർ താമസിച്ചിരുന്നത്. നബി എല്ലാ ദിവസവും ഭാര്യമാരെ സന്ദർശിച്ച് ക്ഷേമമന്വേഷിക്കും. അവരും പരസ്പരവും സന്ദർശിക്കാറുമുണ്ട്.

ഒരിക്കൽ ആഇശയുടെ വീട്ടിലായിരുന്നു നബി. ഭാര്യ സൗദ കയറിവന്നു. ആഇശ അന്നുണ്ടാക്കിയ പ്രത്യേക പലഹാരം-മാംസവും ധാന്യപ്പൊടിയും ചേർത്തുണ്ടാക്കിയ അലിസ- കൊണ്ടുവന്നു. അവർ നബിയുടെ ഇരുവശത്തുമായി ഇരുന്നു. ആഇശ പലഹാരം സൗദയുടെ നേരെ നീട്ടിയപ്പോൾ 'എനിക്ക് വേണ്ട' എന്നായിരുന്നു മറുപടി.

ആഇശ നിർബന്ധിച്ചപ്പോൾ "വേണ്ടന്നു പറഞ്ഞില്ലേ?"

"അത് പറ്റില്ല. കുറച്ചെങ്കിലും കഴിച്ചേ പറ്റൂ."

"ഇല്ലെങ്കിലോ?"

"ഇല്ലെങ്കിൽ ഞാൻ മുഖത്ത് തേക്കും." കുസൃതി നിറഞ്ഞ മറുപടി കേട്ട് സൗദ മുഖം കനപ്പിച്ചിരുന്നു. ആഇശയാകട്ടെ, കുറച്ചെടുത്ത് സൗദയുടെ ചുണ്ടിൽ തേക്കുകയും ചെയ്തു.

കണ്ടുനിന്ന പ്രവാചകന് ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഗൗരവം വിട്ട് സൗദയും ചിരിച്ചുപോയി.

"കണക്കു തീർക്കേണ്ടേ? കുറച്ചെടുത്ത് ആഇശയുടെ മുഖത്തും തേച്ചുകൊടുക്കൂ"- നബി തിരുമേനി പറഞ്ഞു. ആഇശ ഓടിക്കളഞ്ഞു.

* * * * * *

ഒരിക്കൽ അബൂബക്കർ നബിയുടെ വീട്ടിൽ വന്നപ്പോൾ ആഇശ നബിയോട് എന്തോ പറയുകയാണ്. മകൾ മര്യാദ വിടുന്നുവെന്ന് തോന്നിയ പിതാവ് ആഇശക്ക് നേരെ കൈയോങ്ങി. നബി പറഞ്ഞു: "കാര്യമാക്കണ്ട." പിന്നെ ആഇശയോട്: "കണ്ടില്ലേ നിന്നെ ഞാൻ ആ മനുഷ്യനിൽനിന്ന് രക്ഷിച്ചത്?"

* * * * * *

ഒരാൾ പ്രവാചകനോട് സവാരിക്കായി ഒരൊട്ടകത്തെ വായ്പ ചോദിച്ചു: "എന്റെ പക്കൽ ഒട്ടകത്തിന്റെ കുട്ടിയേയുള്ളൂ" എന്ന മറുപടി കേട്ട് അദ്ദേഹം പോകാൻ ഒരുങ്ങി. "എന്താ വേണ്ടേ?"- പ്രവാചകൻ ചോദിച്ചു.

"ഒട്ടകക്കുട്ടിയെ കിട്ടിയതുകൊണ്ടെന്ത് കാര്യം?"

"എല്ലാ ഒട്ടകങ്ങളും ഒട്ടകത്തിന്റെ കുട്ടികൾ തന്നെയല്ലേ?" കേട്ടുനിന്നവർക്ക് ചിരിക്കാതിരിക്കാനായില്ല.

* * * * * *

ഒരു വൃദ്ധ ഒരിക്കൽ നബിയോട് സ്വർഗപ്രവേശത്തിനായി പ്രാർഥിക്കാൻ പറഞ്ഞു. 'വയസ്സികൾ സ്വർഗത്തിൽ കടക്കില്ലല്ലോ' എന്നായിരുന്നു മറുപടി. അവർ കരഞ്ഞുകൊണ്ട് തിരിഞ്ഞുനടക്കവേ, നബിതിരുമേനി ഇതുകൂടി പറഞ്ഞു: "അവർ യുവതികളായിട്ടല്ലാതെ."

* * * * * *

ഒരിക്കൽ നബിയും അനുചരന്മാരും ഈത്തപ്പഴം തിന്നുകയായിരുന്നു. തിന്നതിന്റെ കുരു തൊട്ടടുത്തിരുന്ന അലിയുടെ അടുത്തേക്ക്, അദ്ദേഹമറിയാതെ നീക്കിവെച്ചു പ്രവാചകൻ. ഭക്ഷണം മതിയാക്കിയപ്പോൾ അലിയുടെ അടുത്തുള്ള കുരു നോക്കി പറഞ്ഞു, "ഒരുപാട് തിന്നിട്ടുണ്ടല്ലോ!"

"ശരിയാണ് പക്ഷേ, റസൂലിനെപ്പോലെ കുരുവടക്കം തിന്നിട്ടില്ല" എന്നായിരുന്നു അലിയുടെ മറുപടി. ■